## സർക്കുലർ

159/1/NSS/DHSE/2016 21/12/2016

ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീമിന്റെ സപ്തദിന സഹവാസ സ്പെഷ്യൽ ക്യാമ്പുമായി ബന്ധപ്പെട്ട മേഖലാ കൺവീനർമാർ, ജില്ലാ കൺവീനർമാർ പിഎസി അംഗങ്ങൾ, പ്രിൻസിപ്പൽമാർ, പ്രോഗ്രാം ഓഫീസർമാർ എന്നിവർക്കുള്ള നിർദ്ദേശങ്ങൾ

- സ്പെഷ്യൽ ക്യാമ്പിൽ 2016-17 ലെ റെഗുലർ ആക്ടിവിറ്റി അറ്റൻഡൻസ് രജിസ്റ്റർ, സ്പെഷ്യൽ ക്യാമ്പ് അറ്റൻഡൻസ് രജിസ്റ്റർ, വെബ്സൈറ്റിൽ നിന്നും എടുത്തിട്ടുള്ള എൻറോൾമെന്റ് ലിസ്റ്റ് എന്നിവ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.
    - ❖ **വെബ്സൈറ്റിൽ എൻറോൾചെയ്യാത്ത വിദ്യാർത്ഥികൾ ക്യാമ്പിൽ പങ്കെടുക്കാൻ പാടുള്ളതല്ല.**
- സ്പെഷ്യൽ ക്യാമ്പ് സന്ദർശിക്കുന്ന എൻഎസ്എസ് ഉദ്യോഗസ്ഥർ സ്പെഷ്യൽ ക്യാമ്പ് രജിസ്റ്ററിനോടൊപ്പം റെഗുലർ ആക്ടിവിറ്റി അറ്റൻഡൻസും പരിശോധിക്കേണ്ടതും ക്യാമ്പിൽ ഹാജരാകാത്ത വോളണ്ടിയർമാർ റെഗുലർ ആക്റ്റിവിറ്റിയിൽ പങ്കെടുത്തിട്ടില്ലെങ്കിൽ ആ വിവരം സ്പെഷ്യൽ ക്യാമ്പ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.
- സ്പെഷ്യൽ ക്യാമ്പിൽ വോളണ്ടിയർ ഹാജരാകാത്തതിനുള്ള കാരണം പ്രോഗ്രാം ഓഫീസർ അറ്റൻഡൻസിൽ രേഖപ്പെടുത്തേണ്ടതാണ്, മതിയായ കാരണം രേഖപ്പെടുത്താത്തവരെ രണ്ടാം വർഷം ക്യാമ്പിൽ പങ്കെടുക്കുന്നതിന് അവസരം ലഭിക്കുന്നതല്ല.
- എൻഎസ്എസ് സെല്ലിൽ നിന്നും പ്രത്യേക അനുമതി ലഭിച്ച രണ്ടാം വർഷ വോളണ്ടിയർമാർ മാത്രമേ ക്യാമ്പിൽ പങ്കെടുക്കാൻ പാടുള്ളൂ.
- എൻഎസ്എസ് യൂണിറ്റുകൾ നിലവിലുള്ള സ്കൂളുകളിൽ ഒന്നാം വർഷ വിദ്യാർത്ഥികൾക്ക് സ്പെഷ്യൽ ക്ലാസ്സുകൾ ഒഴിവാക്കുവാൻ പ്രിൻസിപ്പൽമാർ

പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പ്രോഗ്രാം ഓഫീസർ ഈ വിഷയം സ്കൂൾ അധികാരിയെ അറിയിക്കേണ്ടതാണ്.

- വിദ്യാർത്ഥിനികൾ(വോളണ്ടിയർ) പങ്കെടുക്കുന്ന ക്യാമ്പിൽ അധ്യാപികമാർ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. വോളണ്ടിയർമാരുടെ അമ്മമാരുടെ(രണ്ടുപേരിൽ കൂടുതൽ പാടില്ല) സാന്നിധ്യവും സേവനവും ഉപയോഗപ്പെടുത്താവുന്നതാണ്.
- രക്ഷകർത്താക്കളുടെ സന്ദർശനം ക്യാമ്പിനു തടസ്സമാകാത്ത രീതിയിൽ മാത്രമേ അനുവദിക്കാൻ പാടുള്ളൂ. പ്രിൻസിപ്പൽ നിയോഗിച്ച അധ്യാപക/അധ്യാപികമാർ മാത്രമേ ക്യാമ്പിൽ പങ്കെടുപ്പിക്കാൻ പാടുള്ളൂ.
- 8/11/2016 ലെ സർക്കുലറിലെ നിർദ്ദേശങ്ങൾ കൃത്യമായും പാലിക്കേണ്ടതാണ്.
- ക്യാമ്പ് ആരംഭിക്കുന്ന ദിവസം രാവിലെ 8 മണിക്ക് രജിസ്ട്രേഷൻ ആരംഭിക്കേണ്ടതും 10 മണിക്ക് ക്യാമ്പിന്റെ പ്രവർത്തനങ്ങൾ തുടങ്ങേണ്ടതുമാണ്. ഉദ്ഘാടന സമ്മേളനം ഉദ്ഘാടകന്റെ സൗകര്യാർത്ഥം ക്രമീകരിക്കാവുന്നതാണ്.
- ക്യാമ്പിന്റെ സമാപന സമ്മേളനം മൂന്നു മണിയ്ക്ക് ശേഷം മാത്രമേ ആരംഭിക്കാവൂ.
- വോളണ്ടിയർമാർ ക്യാമ്പിൽ മൊബൈൽ ഫോണിന്റെ ഉപയോഗം നിർബന്ധമായും ഒഴിവാക്കേണ്ടതാണ്.
- ക്യാമ്പിൽ മികച്ച പ്രവർത്തം കാഴ്ചവയ്ക്കുന്ന വോളണ്ടിയറെയും ഗ്രൂപ്പിനെയും സമാപന സമ്മേളനത്തിൽ അനുമോദിക്കേണ്ടതാണ്.
- നദി, കുളം, കനാൽ എന്നിവയുമായി ബന്ധപ്പെട്ട ശ്രമദാനത്തിൽ ഏർപ്പെടേണ്ട സന്ദർഭത്തിൽ പ്രോഗ്രാം ഓഫീസറുടെയും വിദഗ്ധരുടെയും മേൽനോട്ടത്തിൽ മാത്രമേ നടത്താവൂ. വോളണ്ടിയർമാരുടെ സുരക്ഷ പൂർണ്ണമായും ഉറപ്പുവരുത്തേണ്ടതാണ്.
- സാമൂഹിക പ്രവർത്തനങ്ങളിൽ പങ്കെടുക്കാൻ ക്യാമ്പിനു പുറത്തു പോകുമ്പോൾ ഗ്രൂപ്പായി മാത്രമേ വോളണ്ടിയർമാരെ നിയോഗിക്കാവൂ. പ്രവർത്തനം കഴിഞ്ഞ് എല്ലാവരും ക്യാമ്പിൽ എത്തി എന്നു പ്രോഗ്രാം ഓഫീസർ ഉറപ്പു വരുത്തേണ്ടതാണ്.

- **ക്യാമ്പിലും ക്യാമ്പിനു പുറത്തും വോളണ്ടിയർമാർ എൻഎസ്എസിന്റേതായ അച്ചടക്കം പാലിക്കേണ്ടതാണ്.**
- ജലദൗർലഭ്യം പരിഗണിച്ച് ഹയർ സെക്കണ്ടറി എൻഎസ്എസിന്റെ സംസ്ഥാനതല പദ്ധതിയായ ജൽക്രാന്തി (ജല സംരക്ഷണ പദ്ധതി) എല്ലാ ക്യാമ്പുകളിൽ പ്രവർത്തിപഥത്തിൽ കൊണ്ടുവരേണ്ടതാണ്.
- മറ്റു ഏജൻസികളുടെ പ്രോജക്ട് എൻഎസ്എസ് സെല്ലിന്റെ അനുമതിയോടു കൂടി മാത്രമേ ഏറ്റെടുക്കാവു.
- മിതമായ ഭക്ഷണവും(രുചികരവും പോഷകസമൃദ്ധവും) ലളിതമായ ജീവിത രീതികളും മൂല്യബോധവും ക്യാമ്പിൽ നിന്നും വോളണ്ടിയർമാർ സ്വായത്തമാക്കേണ്ടതാണ്.
- വോളണ്ടിയർമാർക്ക് സൗകര്യപ്രദമായ ഇരിപ്പിടം ക്യാമ്പിൽ സജ്ജീകരിക്കണം.

സ്പെഷ്യൽ ക്യാമ്പിന്റെ ദിനങ്ങൾ ദത്തു/പങ്കാളിത്ത ഗ്രാമത്തിൽ (adopted village) പൊതു പ്രവർത്തകരുടെയും വോളണ്ടിയർമാരുടെയും കൂട്ടായ്മയോടുള്ള പ്രവർത്തനങ്ങളും സാംസ്കാരിക പരിപാടികളും ക്യാമ്പ് സജീവമാക്കുവാൻ സഹായിക്കുന്നു. സാമൂഹിക ഇടപെടൽ കൊണ്ട് സമൂഹത്തിനും ചലനാത്മകമായ ഗുണഫലം പ്രസരിക്കുന്നതിന് ഉചിതമാവണം സപ്തദിന ക്യാമ്പുകൾ.

വോളണ്ടിയർമാരുടെയും പ്രോഗ്രാം ഓഫീസറുടെയും പ്രിൻസിപ്പലിന്റെയും അധ്യാപക/അനധ്യാപകരുടെയും രക്ഷകർത്താക്കളുടെയും മാധ്യമ പ്രവർത്തകരുടെയും പൂർണ്ണ സഹകരണം ക്യാമ്പ് വിജയകരമാക്കാൻ സഹായിക്കും.

എല്ലാ എൻഎസ്എസ് കുടുംബാംഗങ്ങൾക്കും വിജയകരമായ ക്യാമ്പ് ആശംസിക്കുന്നതോടൊപ്പം ക്രിസ്തുമസ് പുതുവത്സരാശംസകൾ.

☆ ☆ ☆ ☆ ☆ ☆ ☆

ഒപ്പ്

പ്രോഗ്രാം കോഡിനേറ്റർ